**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 151** **23-08-2022 - ൽ മറുപടിയ്ക്ക്**

**പുതിയ കോടതികൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ കോടതികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ പട്ടിക സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കോടതികൾ സ്ഥാപിക്കുന്നത് മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണ്.<br><br>സർക്കാർ കരാറുകളിൽ സർക്കാരോ മറ്റേതെങ്കിലും കക്ഷിയോ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് ആർബിട്രേഷൻ കോടതിയായി ഒരു ജില്ലാ കോടതി, 7 കുടുംബ കോടതികൾ, ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പോക്സോ കേസുകൾ വേഗത്തിലാക്കുന്നതിന് രണ്ടാം ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമ പ്രകാരമുള്ള കേസുകളും പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്ട് പ്രകാരമുള്ള കേസുകളും കൈകാര്യം ചെയ്യുന്നതിന് രണ്ട് SC/ST കോടതികൾ, പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട് അപകടക്കേസിന്റെ വിചാരണയ്ക്കായി ഒരു അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി എന്നിവ സ്ഥാപിയ്ക്കുന്നതിന് അടുത്ത കാലത്തായി സർക്കാർ അനുമതി നൽകിയിട്ടുണ്ട് . |
| (ബി) | ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ കോടതികൾ അനുവദിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | കോടതികളിലെ കേസുകളുടെ ഫയലിംഗ്, തീർപ്പാകാതെ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം, വ്യവഹാരം നടത്തുന്ന പൊതുജനങ്ങൾക്ക് കൃത്യസമയത്ത് നീതി ലഭ്യമാക്കുക, ഭൂമിശാസ്ത്രപരമായ നേട്ടങ്ങൾ, ജില്ലാ ജഡ്ജിമാരുടെ/ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ നിർദ്ദേശങ്ങൾ എന്നിവയെല്ലാം പുതിയ കോടതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ഉൾപ്പെടുന്നു. |
| (സി) | ബാലുശ്ശേരി മുൻസിഫ് സബ് കോടതി അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; | (സി) | ബാലുശ്ശേരി മുൻസിഫ് സബ് കോടതി അനുവദിയ്ക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി |

| | | | |
|---|---|---|---|
| | ബാലുശ്ശേരിയിൽ കോടതി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | | രജിസ്ട്രാറിൽ നിന്നും നിലവിൽ പ്രൊപ്പോസൽ ഒന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ